# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 16

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ 132 കോടി രൂപ ചെലവിൽ അത്യാധുനിക ലാബ് സമുച്ചയം നിർമിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ 132 കോടി രൂപ ചെലവിൽ അത്യാധുനിക ലാബ് സമുച്ചയം നിർമ്മിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം. സർവകലാശാല കാമ്പസിലെ എല്ലാ പഠനവകുപ്പുകളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും വിദ്യാർഥികൾക്ക് പ്രയോജനപ്പെടുന്നവിധമാണ് അത്യാധുനിക ലാബ് സമുച്ചയം നിർമ്മിക്കുക.

കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾ സർവകലാശാലയിൽ പൂർണമായി നടപ്പാക്കും. അടുത്ത സാമ്പത്തികവർഷത്തെ ബജറ്റ് രേഖകൾ ഡിസംബറിൽ തന്നെ അംഗീകരിക്കുന്നതിനുവേണ്ട നടപടികളെടുക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് റാങ്കിംഗിൽ സർവകലാശാലയെ ആദ്യപത്തിൽ എത്തിക്കുന്നതിനും അക്കാദമിക-ഭരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും യോഗം തീരുമാനിച്ചു.

(പി.ആർ.ഒ/39/2025/2019)

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ നവംബർ 21, 28 തീയതികളിൽ നട.ത്താൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/2026/2019)

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ ഒക്ടോബർ 25ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഏഴാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി./ബി.ബി.എ. എൽ.എൽ.ബി./ബി.കോം. എൽ.എൽ.ബി. (2015 അഡ്മിഷൻ റഗുലർ - പ്രോപ്പർട്ടി ലോ ആന്റ് പ്രോപ്പർട്ടി ലോ 1) പരീക്ഷകൾ നവംബർ 19ന് നടക്കും. പരീക്ഷസമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/2027/2019)

## അപേക്ഷ തീയതി

നവംബർ 29 മുതൽ നടക്കുന്ന മൂന്നാം വർഷ ബി.എസ്‌സി. എം.എൽ.റ്റി. റഗുലർ (2008 അഡ്മിഷൻ മുതൽ) പരീക്ഷയിൽ മൂന്നാം വർഷ സപ്ലിമെന്ററി വിദ്യാർഥികൾക്കും പങ്കെടുക്കാം. സപ്ലിമെന്ററി വിദ്യാർഥികൾക്ക് പിഴയില്ലാതെ നവംബർ 20 വരെ അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2028/2019)

## പ്രോജക്ട് മൂല്യനിർണയം, വൈവാവോസി അപേക്ഷ തീയതി

ആറാം സെമസ്റ്റർ എം.സി.എ. (2016 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ/ 2011-2015 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്, ലാറ്ററൽ എൻട്രി 2017 അഡ്മിഷൻ റഗുലർ - വേക്കന്റ് സീറ്റ് അഡ്മിഷൻ/2013-2016 അഡ്മിഷൻ സപ്ലിമെന്ററി), ആറാം സെമസ്റ്റർ എം.സി.എ. പുതിയ സ്കീം (സീപാസ് - 2016 അഡ്മിഷൻ റഗുലർ/ലാറ്ററൽ എൻട്രി - 2017 അഡ്മിഷൻ റഗുലർ), ആറാം സെമസ്റ്റർ എം.സി.എ. പുതിയ സ്കീം (അഫിലിയേറ്റഡ് കോളേജുകൾ - 2017 അഡ്മിഷൻ ലാറ്ററൽ എൻട്രി - സ്പെഷൽ ബാച്ച്) പരീക്ഷകളുടെ പ്രോജക്ട് മൂല്യനിർണയത്തിനും വൈവാവോസിക്കും

വരെയും അപേക്ഷിക്കാം. പരീക്ഷയ്ക്ക് ആദ്യമായി പങ്കെടുക്കുന്നവർ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 135 രൂപ പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2029/2019)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2030/2019)

2019 ജൂണിൽ നടന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2031/2019)

## അധ്യാപക പോർട്ടലിൽ വിവരങ്ങൾ നൽകണം

മഹാത്മാ ഗാന്ധി സർവകലാശാല അധ്യാപക പോർട്ടൽ നവംബർ 13 മുതൽ ഒരു മാസത്തേക്ക് തുറന്നിട്ടുണ്ട്. എല്ലാ പ്രിൻസിപ്പൽമാരും അതത് കോളേജുകളിലെ അധ്യാപകരുടെ വിശദാംശങ്ങൾ ഡിസംബർ 10ന് മുമ്പായി അപ്‌ലോഡ് ചെയ്യണം. നിലവിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ളവർ വീണ്ടും വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2032/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ